LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതീകരണം

216(230) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ കുടുംബങ്ങളിൽ എല്ലാ വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

വനത്തിൽക്കൂടി ലൈൻ വലിച്ച് വൈദ്യുതി നൽകേണ്ട (എറണാകുളം, വയനാട്, പാലക്കാട്, ഇടുക്കി, തൃശ്ശൂർ, കണ്ണൂർ, പത്തനംതിട്ട, മലപ്പുറം ജില്ലകളിലെ) വനാന്തരങ്ങളിൽ സ്ഥിതി ചെയ്യുന്ന വിദൂര കോളനികൾ വൈദ്യുതി ലഭ്യമല്ലെന്നുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ലെങ്കിൽ ഇതിനായി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കുമോ?

പ്രസ്തുത കോളനികൾ വനാന്തർഭാഗത്ത് സ്ഥിതി ചെയ്യുന്ന വിദൂര കോളനികളായതിനാൽ ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണത്തിന് വനത്തിൽക്കൂടി ലൈൻ വലിച്ച് വൈദ്യുതി നൽകുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരുമെന്നതും വളരെ കുറച്ചുകണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമെന്നതും ഈ പ്രദേശങ്ങളിൽ ഗ്രിഡ് വൈദ്യുതി എത്തിക്കുന്നതിനുള്ള വെല്ലുവിളിയാണ്. വൈദ്യുതി എത്തിയിട്ടില്ലാത്ത ആദിവാസി കോളനികൾ കണ്ടെത്തുകയും അവയുടെ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനം വേഗത്തിലാക്കുന്നതിനായി സംസ്ഥാന-ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതി

217(231) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ ആകെ എത്ര വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ 1615 വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പൂർത്തീകരിക്കുന്നതിനായി ആകെ 143.6 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 30 ലക്ഷം രൂപ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വൈദ്യുതി കണക്ഷൻ ലഭിക്കാത്ത വീടുകളുടെ എണ്ണം സംബന്ധിച്ച് പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; ഇതിനായി എത്ര തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

വയറിംഗ് പൂർത്തീകരിച്ചുകൊണ്ട് വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ സമർപ്പിക്കുന്ന എല്ലാ ഗുണഭോക്താക്കൾക്കും ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ൽ പറഞ്ഞിരിക്കുന്ന സമയപരിധി പാലിച്ചുകൊണ്ട് കെ.എസ്.ഇ.ബി. ലിമിറ്റഡ് വൈദ്യുതി കണക്ഷൻ നൽകിവരുന്നു. എന്നാൽ വയറിംഗ് പൂർത്തീകരിക്കാത്തതോ വയറിംഗ് പൂർത്തീകരിച്ചിട്ടും വൈദ്യുതി കണക്ഷന് അപേക്ഷ സമർപ്പിക്കാത്തതോ ആയ വീടുകളുടെ എണ്ണം കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ലഭ്യമല്ല. നിലവിൽ 1000 W വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക് പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി KSEBL-ന്റെ ഫണ്ട് ഉപയോഗിച്ച് നൽകിവരുന്നു. ഇനിയും വൈദ്യുതി കണക്ഷൻ എടുക്കാത്ത വീടുകളെ സംബന്ധിച്ച വിവരങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ ശേഖരിക്കുവാനും തുടർന്ന് എസ്റ്റിമേറ്റ് തയ്യാറാക്കാനും KSEBL നടപടി ആരംഭിച്ചിട്ടുണ്ട്. വൈദ്യുതീകരണത്തിന് ആവശ്യമായ തുക തദ്ദേശ സ്വയംഭരണ വകുപ്പ്/പട്ടികവർഗ്ഗ വകുപ്പ്/ഉപഭോക്താവ് അടയ്ക്കുന്ന മുറയ്ക്ക് വൈദ്യുതീകരണം പൂർത്തീകരിക്കുന്നതാണ്.

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ കിഴക്കൻ മലയോര മേഖലയിലെ വൈദ്യുതി വിതരണത്തിലെ തടസ്സങ്ങൾ

218(232) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ കിഴക്കൻ മലയോര മേഖല വൈദ്യുതി വിതരണത്തിലെ തടസ്സങ്ങൾ, വോൾട്ടേജ് ക്ഷാമം എന്നിവമൂലം പ്രയാസങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ രാജപുരം, ബളാംതോട്, ഭീമനടി എന്നീ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വൈദ്യുതി തടസ്സങ്ങൾ, വോൾട്ടേജ് ക്ഷാമം എന്നിവമൂലം പ്രയാസങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ടി പ്രദേശത്തെ വൈദ്യുതി വിതരണത്തിലെ തടസ്സങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി ലൈൻ റീ-കണ്ടക്ടറിംഗ്, ട്രാൻസ്ഫോർമർ സ്റ്റാൻഡേർഡൈസേഷൻ, ലൈൻ റീ-റൂട്ടിംഗ് എന്നീ പ്രവൃത്തികൾ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവരുന്നു.